## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1488 — 14-06-2013 ൽ മറുപടിയ്ക്ക്

### നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പു വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | 1. സുസ്ഥിര നെൽകൃഷി വികസനം.<br>2. കരനെൽകൃഷി വികസനം<br>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം<br>4. പി.പി.പി.എസ്.ആർ.ഐ പദ്ധതി.<br>5. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>6. ആർ.കെ.വി.വൈ പദ്ധതി നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കൽ.<br>7. ഉല്പാദനബോണസ്<br>8. ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി.<br>9. ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി.<br>10. നെല്ലു സംഭരണം. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം സബ്സിഡികളാണ് കർഷകർക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | 1. <u>സുസ്ഥിര നെൽകൃഷി വികസനം</u><br>ഈ പദ്ധതിയനുസരിച്ച് നെൽകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ ഉല്പാദനോപാധികളുടെ ചെലവിനായി ഹെക്ടറൊന്നിന് 1500/- രൂപ നിരക്കിലും ആർ.കെ.വി.വൈ പദ്ധതിയിൽ ഹെക്ടറിന് 3000/- രൂപയും സബ്സിഡി നൽകി 180000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. |

2. <u>ആർ.കെ.വി.വൈ പദ്ധതി- നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കാൻ</u>

ഈ പദ്ധതിയനുസരിച്ച് ഹെക്ടറിന് 3000/- രൂപ സബ്സിഡി നൽകി 4000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

3. <u>കരനെൽകൃഷി വികസനം</u>

ഹെക്ടറിന് 7500/- രൂപ സബ്സിഡി നൽകി 4000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

4. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം</u>

ഈ പദ്ധതി പ്രകാരം 6 ജില്ലകളിലായി പൊക്കാളി, ബസുമതി, ഞവര എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000/- രൂപ സബ്സിഡി നല്കി 250 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

5. <u>നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്</u>

ആകെ 11 നെൽകൃഷി വികസന ഏജൻസികൾക്കായി നെൽകൃഷിയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ പി.പി.പി.എസ്.ആർ.ഐ പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവ്, അടിസ്ഥാന സൗകര്യവികസനം, നെൽകൃഷി ഉല്പാദന ബോണസ്, ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, നെല്ലുസംഭരണം എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (സി) | നെൽകർഷകർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ